## സെന്റ് .ജോർജ് എൽ .പി. എസ്.

ചെങ്ങരൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 -2026

വിദ്യാലയത്തിന്റെ പേര് : സെന്റ് .ജോർജ് എൽ .പി. എസ്. ചെങ്ങരൂർ

വിലാസം : ചെങ്ങരൂർ, ചെങ്ങരൂർ പി.ഒ., 689594, പത്തനംതിട്ട ജില്ല

ഫോൺ : 9847604162

സ്കൂൾ കോഡ് : 37539

റവന്യൂ ജില്ല : പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല : തിരുവല്ല

ഉപജില്ല : മല്ലപ്പള്ളി

ബി. ആർ. സി : മല്ലപ്പള്ളി

ഗ്രാമ പഞ്ചായത്ത് : കല്ലൂപ്പാറ

ബ്ലോക്ക് പഞ്ചായത്ത് : മല്ലപ്പള്ളി

ജില്ലാ പഞ്ചായത്ത് : പത്തനംതിട്ട

താലൂക്ക് : മല്ലപ്പള്ളി

വില്ലേജ് : മല്ലപ്പള്ളി

ഇ -മെയിൽ : stgeorgelpschengaroor@gmail.com

ആമുഖം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം ആവശ്യമാണ്. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക, ഒപ്പം മികച്ച എഴുത്തുകാരാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി മാറ്റുവാനുള്ള ഒരു നൂതന സംരംഭമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതായിട്ടുണ്ട് . നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനുള്ള ശ്രമത്തിന്റെ ഫലമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ .വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ഈ അദ്ധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും അവർക്ക് തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനും വേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിട്ടുള്ള പഠനവിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, വിദ്യാലയത്തെ വിലയിരുത്തൽ,പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

<u>ലക്ഷ്യങ്ങൾ</u>

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- **1-**ാം ക്ലാസ്സ് മുതൽ **5-**ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാന ത്തിലും വിഷയാടിസ്ഥാനത്തി ലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- കലാ കായിക രംഗങ്ങളിൽ ഉയർന്നുവരാനുള്ള അടിസ്ഥാന സൗകര്യങ്ങളും താൽപര്യങ്ങളും ഉണർത്തുന്ന പ്രവർത്തങ്ങൾ.
- അദ്ധ്യാപനവും അദ്ധ്യായനവും സർഗാത്മകവും രസകരമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

<u>നടത്താനാഗ്രഹിക്കുന്ന പദ്ധതികൾ</u>

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാപരമായ പിന്നോകാവസ്ഥ പരിഹരിക്കൽ.<br>* ഇംഗ്ലീഷ് പഠന പരിപോഷണം.<br>* വായന മൂല്യം വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങൾ<br>* ഒന്നാം ക്ലാസ്സ് ഒന്നാം തരം, എസ്. ആർ. ജി ശാക്തികരണം, വിവിധ പ്രവർത്തനങ്ങൾ<br>* സർഗ്ഗത്മക രചന<br>* ശാസ്ത്ര പരിപോഷണ പരിപാടികൾ<br>* ഗണിത മികവ്<br>* ശലഭോദ്യാനം<br>* ജേർണലുകൾ<br>* കൈത്തൊഴിൽ പരിശീലനം<br>* യോഗ<br>* ലൈബ്രറി ശക്തീകരണം<br>* ഗണിത ലാബ്<br>* പ്രതിഭാ പോഷണ പരിപാടി<br>* കലാ - കായിക മേളകൾ<br>* പച്ചക്കറിത്തോട്ടം<br>* ക്ലാസ്സ് പി.ടി. എ സജീവമാക്കൽ<br>* സ്കൂൾ പഠനം<br>* പഠനയാത്രകൾ<br>* എസ്. ആർ. ജി  ശാക്തീകരണം<br>* ദിനാചാരണം | * കളിസ്ഥലവും കളിയുപകരണങ്ങളും.<br>* മതിയായ എണ്ണം ശുചിമുറി, ശുദ്ധജല ലഭ്യത.<br>* ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്നു കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ. | * പി. ടി. എ ശക്തിപ്പെടുത്തൽ<br>* പൂർവ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം<br>* ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ<br>* പൂർവ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>* ക്ലാസ്സ് പി. ടി. എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ.<br>* ചെങ്ങരൂർ സെന്റ് ജോർജ് എൽ. പി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വിവിധ സംഘടനാ ക്ലബ്ബുകൾ രൂപീകരിക്കൽ. |

പ്രവർത്തനം 1 . പേര്- വായന മേഖല /ഉപമേഖല – അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ് നൽകൾ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കൾ<br>• ചിത്രം- അടിക്കുറിപ്പ്<br>• ചിത്രം- കഥ പറയൽ<br>• ചിത്രം- കഥ എഴുതൽ<br>• കഥ – ബാക്കി എഴുതൽ<br>• കഥാപുസ്തകം നൽകൽ<br>• Laptop-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>• ആസ്വാദനക്കുറിപ്പ്<br>• വായക്കുറിപ്പ്<br>• ജീവചരിത്രക്കുറിപ്പ് | 4 മാസം | ടീച്ചർ<br>പേരന്റ്സ് | |

| | | | | |
|---|---|---|---|---|
| വായനാ പോഷണ പരിപാടികൾ | • ചെങ്ങന്നൂർ public വായനശാലയുമായി ചേർന്ന് വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>• വായനാമത്സരം<br>• വായനാ ക്കാർഡുകൾ ലഭ്യമാക്കൽ<br>• കഥാ വായന<br>• കവിതാ വായന<br>• ആസ്വാദനക്കുറിപ്പ് | ജൂൺ - മാർച്ച് | | |

പ്രവർത്തനം.2- സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണ പരീക്ഷണങ്ങൾ | • പ്രകൃതിയിലേക്ക് ഇറങ്ങിച്ചെന്നുള്ള പഠനം, പൂക്കളുടേയും ചെടികളുടേയും മാറ്റങ്ങൾ നിരീക്ഷിക്കൽ<br>• പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്ന പ്രവർത്തനങ്ങൾ<br>• സയൻസ് ലാബ്<br>• കൃഷിയോടുള്ള ശാസ്ത്രീയ മനോഭാവം വളർത്തൽ | ദീർഘം | സയൻസ് ക്ലബ് | |
| പരിസ്ഥിതി പ്രശ്നങ്ങളെ ശാസ്ത്രീയമായി വീക്ഷിക്കുകയും, പരിഹരിക്കുകയും ചെയ്യുക | • പരിസ്ഥിതി സംരക്ഷണ മനോഭാവം ഊട്ടി വളർത്തൽ<br>• ഫീൽഡ് ട്രിപ്പ്<br>• ഉനർജ്ജ സംരക്ഷണ പദ്ധതി<br>• ശാസ്ത്രവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ജീവചരിത്രം തയ്യാറാക്കുന്നതു വഴി കുട്ടികളിൽ ശാസ്ത്രത്തോടുള്ള അവബോധം വളർത്തിടുക്കാനുള്ള പ്രവർത്തനങ്ങൾ<br>• എന്റെ ശാസ്ത്രജ്ഞൻ ജീവചരിത്രക്കുറിപ്പ്<br>• ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്ക്കരണം | ദീർഘം | സയൻസ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| സർഗാത്മക രചന | • ചിത്രങ്ങളുടെ സഹായത്തോടെ വാക്യങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങൾ<br>• വരികൾ കൂട്ടിച്ചേർക്കൽ (എൽ. പി. വിഭാഗം)<br>• ചിത്രങ്ങളുടെ സഹായത്തോടെ കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങിയവ വ്യക്തിഗതമായി തയ്യാറാക്കുന്നു.<br>• കൈയ്യെഴുത്തു മാസിക രൂപപ്പെടുത്തുന്നു.( യു.പി.വിഭാഗം) | | | |

പ്രവർത്തനം.3- ശേഖരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശേഖരണം | • ശൈലികൾ, പഴഞ്ചൊല്ലുകൾ, നാണയങ്ങൾ, ഔഷധസസ്യങ്ങളുടെ ഇലകൾ, ളുവലുകൾ, വിവിധ മേഖലകളിലെ ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവയുടെ ശേഖരണം | | | |

പ്രവർത്തനം.4- ശാസ്ത്രപോഷണ പരിപാടികൾ ( അക്കാദമികം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നു , വികസിപ്പിക്കുകയും അത് നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക | • ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ വളർത്തൽ<br>• ജീവിതശൈലി രോഗങ്ങൾ ബോധവത്ക്കരണം<br>• വ്യായാമമുറകൾ ശീലിപ്പിക്കൽ | ഹ്രസ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം.5- ഗണിത മികവ്. മേഖല /ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത താൽപര്യം വളർത്താൻ | • ഗണിതകളികൾ<br>• ഗണിതപതിപ്പുകൾ നിർമ്മാണം<br>• ഗണിത പസിലുകൾ<br>• ഗണിത നാടകം<br>• ഗണിത ക്വിസ്<br>• പാറ്റേണുകൾ രൂപപ്പെടുത്തൽ<br>• ഗണിത നടത്തം<br>• ഗണിത ലാബ്<br>• ഗണിത അസംബ്ലി<br>• ഗണിത മേളയിൽ പങ്കെടുപ്പിക്കുന്നു. | ജൂൺ - മാർച്ച് | അദ്ധ്യാപിക | |
| ഗണിതപഠനം സുഗമമാക്കൽ | • അബാക്കസ് നിർമ്മാണം<br>• സ്ഥാനവില പോക്കറ്റ് നിർമ്മാണം | | | |
| സംഖ്യാബോധം ഉറപ്പിക്കൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • കളി നോട്ടുകൾ, നാണയങ്ങൾ ഉപയോഗപ്പെടുത്തി സൂചന ക്രിയകൾ എളുപ്പമാക്കുന്നതിനുള്ള പരിശീലനം | | | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | • ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണത്തിലൂടെ അവയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ഗണിതശേഷികൾ കൈ വരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു<br>• ത്രിമാന രൂപങ്ങൾ നിർമ്മിച്ച് വ്യാപ്തം കാണുന്ന പ്രവർത്തനങ്ങൾ | | | |

| | | | | |
|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ● ഗണിതപരമായി മുന്നോട്ടു നിൽക്കുന്ന കുട്ടികളുടെ സഹായത്തോടെ ഒഴിവു സമയങ്ങൾ പ്രയോജനപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നു. അദ്ധ്യാപകർ നടത്തുന്നു<br>● പ്രീടെസ്റ്റ് നടത്തുന്നു.<br>● പഠന വിടവ് മാറ്റാനുള്ള പ്രവർത്തനങ്ങൾ | | | |
| ഗണിതോദ്യാനം | ● ഗണിത ആ കൃതിയിൽ ചെടികൾ നടുക | | | |

പ്രവർത്തനം.6 മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണങ്ങൾ, ദേശീയ അന്തർദേശീയ ദിനങ്ങൾ പരിചയപ്പെടുത്തുക | ● ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനങ്ങൾ കലണ്ടർ ആക്കുന്നു.<br>● പ്രമുഖ വ്യക്തികളെ വിദ്യാലയത്തിലേക്ക് ക്ഷണിക്കുന്നു<br>● ദിനവുമായി ബന്ധപ്പെട്ട ക്ലാസ്സുകളും, ക്വിസ് മത്സരങ്ങളും നടത്തുന്നു. | | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്രം സംബന്ധിയായ മാസികകൾ, പുസ്തകങ്ങൾ എന്നിവ പരിചയപ്പെടുത്തുക (സാമൂഹ്യ ശാസ്ത്ര ലൈബ്രറി) | ● ചരിത്ര പുസ്തകങ്ങൾ ഇയർബുക്ക്, ക്വിസ് പുസ്തകങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക | ദീർഘം | സാമൂഹ്യശാസ്ത്ര ക്ലബ് | |
| ലഹരി, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുന്നു. | ● ചിത്രശേഖരണം<br>● ലഘു കുറിപ്പ് തയ്യാറാക്കൽ<br>● പോസ്റ്ററുകൾ തയ്യാറാക്കൽ<br>● ഫീൽഡ് ട്രിപ്പ് | ഹ്രസ്വം | സാമൂഹ്യ ശാസ്ത്ര കബ് | |

| | | | | |
|---|---|---|---|---|
| ചരിത്ര സ്മാരകങ്ങൾ, മ്യൂസിയം എന്നിവ പരിചയപ്പെടുത്തുക | • നാണയശേഖരണം<br>• പഴയ കാല വാഹനങ്ങളുടെ ചിത്രശേഖരണം | ഹ്രസ്വം | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |
| പ്രകൃതിസംരക്ഷണം | • മരങ്ങൾ നട്ടുവളർത്തൽ<br>• പരിസരം വൃത്തിയാക്കൽ<br>• പേപ്പർ ബാഗ് നിർമ്മാണം | ദീർഘം | സാമൂഹ്യശാസ്ത്ര ക്ലബ് | |
| വിദ്യാർത്ഥികളുടെ രചനകൾ ഉൾപ്പെടുത്തി അവർ തന്നെ കൈയെഴുത്തുമാസിക തയ്യാറാക്കുക. | • സാമൂഹ്യ ശാസ്ത്ര സംബന്ധിയായ ലേഖനങ്ങൾ കവിതകൾ, കഥകൾ പെയിന്റിംഗുകൾ തയ്യാറാക്കുക | ദീർഘം | സാമൂഹ്യശാസ്ത്രക്ലബ്<br><br>അധ്യാപകൻ | |

പ്രവർത്തനം.7- യോഗ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യോഗ്യരിശീലനങ്ങൾ | ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | ആഴ്ചയിൽ ഒന്ന് | | |

(പവർത്തനം.8- ദിനപത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനപത്രം | · പത്രപ്രവർത്ത ന മേഖലയിൽ പരിചയം നേടുന്ന പ്രവർത്തനങ്ങൾ<br><br>· വിവിധ ഭാഷയിലുള്ള പത്രങ്ങളെ പരിചയപ്പെടുത്തുകയും അതിലൂടെ പത്രവാർത്ത രചനയിൽ പ്രാവീണ്യം നേടാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ | | | |